**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1620** **13-02-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടോ; ഏതൊക്കെ വിളകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ; | (എ) | കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. ദീർഘകാലവിളകൾക്ക് കായ്ച്ച് തുടങ്ങുന്നതുവരെയുള്ള കാലത്തേയ്ക്ക് പ്രത്യേക വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ അംഗമാകാൻ അർഹതയുള്ള കർഷക വിഭാഗങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 1. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകുന്നതിനു അർഹതയുണ്ട്.<br><br>2. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിങ് നിലവിലുള്ള പാടശേഖരങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സമിതികൾക്ക് സെക്രട്ടറിയുടെയോ പ്രസിഡന്റിന്റെയോ പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലും ഗ്രൂപ്പ് ഫാമിങ് നിലവിലില്ലാത്ത പാടശേഖരങ്ങളിൽ നിലവിലുള്ള രീതിയിൽ വ്യക്തിഗത അടിസ്ഥാനത്തിലും വിള ഇൻഷ്വറൻസിൽ അംഗമായി ചേരാവുന്നതാണ്. ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഇൻഷ്വർ ചെയ്യു പാടശേഖരങ്ങളിൽ ഒരാളുടെ പാടത്തിൽ മാത്രം നഷ്ടം ഉണ്ടായാലും അതിനും നഷ്ടപരിഹാരം നൽകുന്നതാണ്. |

| | | | |
|---|---|---|---|
| | | | **3. വനം വകുപ്പിന്റെ അനുമതിയോടെ വന ഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വന ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ്, പ്രകൃതിക്ഷോഭം മൂലമുള്ള കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം ഉൾപ്പെടെ സംസ്ഥാന കൃഷിവകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ആനുകൂല്യം നൽകുന്നു. പ്രസ്തുത സ്ഥലത്തു കൃഷി ചെയ്യുന്ന ഹ്രസ്വകാല വിളകളായ നെല്ല്, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ മുതലായവയും വാർഷിക വിളകളായ വാഴ ഉൾപ്പെടെയുള്ള വിളകൾക്കും മാത്രമേ ആനുകൂല്യം ലഭിക്കുകയുള്ളൂ.** |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ വിഭാഗം കെടുതികൾക്കാണ് നഷ്ടപരിഹാരം ലഭ്യമാക്കുന്നത്; വിശദമാക്കുമോ; | (സി) | **വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം/ ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾ മൂലവും, വന്യജീവി ആക്രമണം മൂലവും വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് നഷ്ടപരിഹാരം നൽകുന്നു. കൂടാതെ നെൽകൃഷിക്ക് കീടരോഗബാധമൂലം ഉണ്ടാകുന്ന നാശങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.** |
| (ഡി) | പ്രകൃതിക്ഷോഭം, വന്യമൃഗാക്രമണം, കീടരോഗബാധ എന്നിവ മൂലം കാർഷിക വിളകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമോ; വിശദമാക്കുമോ; | (ഡി) | **പ്രകൃതിക്ഷോഭം, വന്യമൃഗാക്രമണം എന്നിവ മൂലം ഉണ്ടാകുന്ന നാശനഷ്ടത്തിന് 27 കാർഷിക വിളകൾക്കും, നെല്ലിന് കീടരോഗബാധ മൂലം ഉണ്ടാകുന്ന നാശനഷ്ടത്തിനും പ്രസ്തുത പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. നഷ്ടപരിഹാര തോത്, പ്രീമിയം എന്നിവ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.** |
| (ഇ) | സംസ്ഥാനത്ത് എത്ര കർഷകർ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്; വ്യക്തമാക്കുമോ; | (ഇ) | **സംസ്ഥാനത്ത് നാളിതുവരെ 784039 കർഷകർ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്.** |
| (എഫ്) | ഈ സർക്കാർ എത്ര പേർക്ക് എന്തു തുക വീതം ഇൻഷ്വറൻസ് പരിരക്ഷയിനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ? | (എഫ്) | **ഈ സർക്കാർ സംസ്ഥാന വിള ഇൻഷ്വറൻസ് പരിരക്ഷയിനത്തിൽ 133.67 കോടി രൂപ 68982 കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങൾ അനുബന്ധം - II ആയി ചേർത്തിരിക്കുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം - I**

| നം. | വിളകൾ | പ്രീമിയം<br>(സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി) | നഷ്ടപരിഹാര തോത്<br>(സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി) |
|---|---|---|---|
| 1 | തെങ്ങ് | തെങ്ങൊന്നിന് ₹ 2/-<br>1 വർഷത്തെയ്ക്ക്.<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ<br>തെങ്ങൊന്നിന് ₹ 5/- | തെങ്ങൊന്നിന് ₹ 2,000 |
| 2 | കമുക് | ഒരു മരത്തിന്<br>1 വർഷത്തേയ്ക്ക് ₹ 1.50/-<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ<br>മരമൊന്നിന് ₹ 3/- | ഒരു മരത്തിന് ₹ 200 |
| 3 | റബ്ബർ | ഒരു മരത്തിന്<br>1 വർഷത്തേയ്ക്ക് ₹ 3/-<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ<br>₹ 7.50/- | ഒരു മരത്തിന് ₹ 1,000 |
| 4 | കശുമാവ് | ഒരു മരത്തിന് 1 വർഷത്തേയ്ക്ക്<br>₹ 3/-<br>3 വർഷത്തേയ്ക്ക്<br>₹ 7.50/- | ഒരു മരത്തിന് ₹ 750 |
| 5 | വാഴ<br>(എ) ഏത്തൻ, കപ്പ<br>(ബി) ഞാലിപ്പൂവൻ<br>(സി) മറ്റിനങ്ങൾ | ഒരു വാഴയ്ക്ക് ₹ 3/- | (എ) കുലയ്ക്കാത്തതിന് ₹ 150<br>(ബി) കുലയ്ക്കാത്തതിന് ₹ 100<br>(സി) കുലയ്ക്കാത്തതിന് ₹ 50<br><br>(എ) കുലച്ചതിന് ₹ 300<br>(ബി) കുലച്ചതിന് ₹ 200<br>(സി) കുലച്ചതിന് ₹ 75 |
| 6 | മരച്ചീനി | 0.02 ഹെക്ടറിന് ₹ 3/- | ഹെക്ടർ ഒന്നിന് ₹ 10,000 |
| 7 | കൈതച്ചക്ക | 0.02 ഹെക്ടറിന് ₹ 37.50/- | ഹെക്ടർ ഒന്നിന് ₹ 50,000 |
| 8 | കുരുമുളക് | ഒരു താങ്ങു മരത്തിലുള്ളതിന് 1 വർഷത്തേയ്ക്ക് ₹ 1.50/-<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ<br>₹ 3/- | ഓരോ താങ്ങു മരത്തിലും ഉള്ളതിന് ₹ 200 വീതം |
| 9 | ഏലം | ഒരു വർഷത്തേയ്ക്ക്<br>0.4 ഹെക്ടറിന് ₹ 600/-<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ<br>₹ 1500/- | 0.4 ഹെക്ടർ ₹ 24,000 |
| 10 | ഇഞ്ചി | 0.02 ഹെക്ടറിന് ₹ 15/- | ഹെക്ടർ ഒന്നിന് ₹ 80,000 |

| | | | |
|---|---|---|---|
| 11 | മഞ്ഞൾ | 0.02 ഹെക്ടറിന് ₹ 15/- | ഹെക്ടർ ഒന്നിന് ₹ 60,000 |
| 12 | കാപ്പി | ഒരു ചെടിക്ക് ഒരു വർഷത്തേയ്ക്ക് ₹ 1.50/-<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3/- | ഒരു മരത്തിന് ₹ 350 |
| 13 | തേയില | ഹെക്ടർ ഒന്നിന് 1 വർഷത്തേയ്ക്ക് ₹ 1,500/-<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3750/- | ഹെക്ടർ ഒന്നിന് ₹ 70,000. ഇൻഷ്വർ ചെയ്യതിന്റെ 10 ശതമാനമോ, 2 ഹെക്ടറോ ഏതാണോ കുറവ് അതിന് നഷ്ടപരിഹാരം നൽകാവുന്നതാണ്. |
| 14 | കൊക്കോ | മരത്തിന് 1 വർഷത്തേയ്ക്ക് ₹ 1.50 /-<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 3/- | ഒരു മരത്തിന് ₹ 300 |
| 15 | നിലക്കടല | 0.1 ഹെക്ടറിന് ₹ 37.50/- | ഹെക്ടർ ഒന്നിന് ₹ 12,000 |
| 16 | എള്ള് | 0.01 ഹെക്ടറിന് ₹ 37.50/- | ഹെക്ടർ ഒന്നിന് ₹ 12,500 |
| 17 | പച്ചക്കറി (പന്തലുള്ളവയും, പന്തലില്ലാത്തവയും) | 10 സെന്റിന് ₹ 10/- | പന്തലില്ലാത്തവയ്ക്ക് ഹെക്ടർ ഒന്നിന് ₹ 25,000<br>പന്തലുള്ളവയ്ക്ക് ഹെക്ടർ ഒന്നിന് ₹ 40,000 |
| 18 | ജാതി | 1 വർഷത്തേയ്ക്ക് ഒരു മരത്തിന് ₹ 3/-<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 7.50/- | ₹ 3,000 ഒരു മരത്തിന് |
| 19 | ഗ്രാമ്പൂ | 1 വർഷത്തേയ്ക്ക് ഒരു മരത്തിന് ₹ 3/-<br>3 വർഷത്തേയ്ക്ക് ഒന്നിച്ചടച്ചാൽ ₹ 7.50/- | ₹ 1,000 ഒരു മരത്തിന് |
| 20 | വെറ്റില | 1 വർഷത്തേയ്ക്ക് സെന്റൊന്നിന് ₹ 7.50/- | സെന്റൊന്നിന് ₹ 1,000 |
| 21 | പയർ വർഗ്ഗങ്ങൾ | 0.10 ഹെക്ടറിന് ₹ 19/- | ഹെക്ടറിന് ₹ 10,000 |
| 22 | കിഴങ്ങു വർഗ്ഗങ്ങൾ (ചേന, മധുരക്കിഴങ്ങ്) | ചേനകൃഷിക്ക് ₹ 7.50/-<br>മധുരക്കിഴങ്ങ് കൃഷിക്ക് ₹ 4.50/- | ചേന ഹെക്ടറിന് ₹ 35,000.<br>മധുരക്കിഴങ്ങ് ഹെക്ടറൊന്നിന് ₹ 15,000 |
| 23 | കരിമ്പ് | 0.10 ഹെക്ടറിന് ₹ 90/- | ഹെക്ടറൊന്നിന് ₹ 50,000 |
| 24 | പുകയില | 0.02 ഹെക്ടറിന് ₹ 3/- | ഹെക്ടറൊന്നിന് ₹ 20,000 |

| | | | |
|---|---|---|---|
| 25 | നെല്ല് | 0.10 ഹെക്ടറിന് ₹ 25/- | 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 15,000. 45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 35,000. കീടരോഗബാധ കൃഷി ഭവനിൽ അറിയിച്ച് വേണ്ട പ്രതിരോധ നടപടികൾ എടുത്തതിനു ശേഷവും നഷ്ടമുണ്ടായാൽ മാത്രമേ നഷ്ടപരിഹാര തുകയ്ക്ക് അർഹത ഉണ്ടായിരിക്കുകയുള്ളൂ. |
| 26 | ചെറുധാന്യങ്ങൾ (കൂവരക്, ചാമ, തിന, വരഗ്, പനി വരഗ്, കുതിരവാലി മുതലായവ) | 0.1 ഹെക്ടറിന് ₹ 25/- | വിതച്ച് 45 ദിവസത്തിനകമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 10,000.<br>45 ദിവസത്തിന് ശേഷമുള്ള വിളകൾക്ക് ഹെക്ടറിന് ₹ 25000 |
| 27 | മാവ് | 1 മരത്തിന് ഒരു വർഷത്തേയ്ക്ക് ₹ 10/-<br>3 വർഷത്തേയ്ക്ക് ഒരുമിച്ച് അടച്ചാൽ ₹ 25/- | 10 വർഷം വരെ പ്രായമുള്ളതിന് - ഒരു മരത്തിന് ₹ 1000.<br>10 വർഷത്തിനുമേൽ പ്രായമുള്ളതിന് - ഒരു മരത്തിന് ₹ 2000 |

ദീർഘകാലവിളകൾക്ക് നട്ടുന്നതു മുതൽ കായ്ച്ച തുടങ്ങുന്നതുവരെയുള്ള കാലയളവിൽ നൽകുന്ന പ്രത്യേക ഇൻഷ്വറൻസ് സംരക്ഷണ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| **നം.** | **വിളകൾ** | **വിള ഇൻഷ്വർ ചെയ്യാൻ വേണ്ട വിളകളുടെ ഏറ്റവും കുറഞ്ഞ എണ്ണം/ വിസ്തീർണം** | **വിള ഇൻഷ്വർ ചെയ്യാൻ വേണ്ട പ്രായം** | **അടയ്ക്കേണ്ട പ്രീമിയം** | **നഷ്ടപരിഹാരം തോത്** |
|---|---|---|---|---|---|
| 1 | തെങ്ങ് | 10 എണ്ണം | നട്ട് ഒരു മാസം മുതൽ 7 വർഷംവരെ | ഒരെണ്ണത്തിന് ഒരു വർഷത്തേയ്ക്ക് 1/-<br>മൂന്നുവർഷത്തേക്ക് ഒരുമിച്ചടച്ചാൽ 2/- | ആദ്യത്തെ 3 വർഷത്തേക്ക് ഒരെണ്ണത്തിന് 200/-. 3 വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് 400/- |
| 2 | കമുക് | 10 എണ്ണം | നട്ട് ഒരു മാസം മുതൽ 6 വർഷം വരെ | മൂന്നുവർഷത്തേക്ക് ഒരെണ്ണത്തിന് 1.50/- | മൂന്നു വർഷം വരെ ഒരെണ്ണത്തിന് 50/- 3 വർത്തിനുമേൽ 7 |

| | | | | | |
|---|---|---|---|---|---|
| | | | | | വർഷം വരെ ഒരെണ്ണത്തിന് 80/- |
| 3 | റബ്ബർ | 25 എണ്ണം | നട്ട് ഒരു മാസം മുതൽ 7 വർഷം വരെ | മൂന്നുവർഷത്തേക്ക് ഒരെണ്ണത്തിന് 1.50/- | മൂന്നുവർഷം വരെ ഒരെണ്ണത്തിന് 200/-.<br>മൂന്ന് വർഷത്തിനുമേൽ 7 വർഷം വരെ ഒരെണ്ണത്തിന് 600/- |
| 4 | കശുമാവ് | 5 എണ്ണം | നട്ട് ഒരു മാസം മുതൽ 3 വർഷം വരെ | മൂന്നുവർഷത്തേക്ക് 5 എണ്ണത്തിന് 4.50/- | മൂന്നുവർഷം വരെ ഒരെണ്ണത്തിന് 100/- |
| 5 | കരുമുളക് | 15 താങ്ങു മരങ്ങളി-ലുള്ളവ | നട്ട് ഒരു മാസം മുതൽ 4 വർഷം വരെ | 15 താങ്ങു മരങ്ങളിലുള്ളത് ഒരു വർഷത്തേക്ക് 7.50/-<br>മൂന്നു വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 15/- | ആദ്യത്തെ 2 വർഷം വരെ ഒരു താങ്ങു മരത്തിലുള്ളതിന് 50/-.<br>രണ്ട് വർഷം മുതൽ നാല് വർഷം വരെ 100/- |
| 6 | മാവ് | 5 ഗ്രാഫ്റ്റ് | നട്ട് ഒരു മാസം മുതൽ കായ്ഫലം തുടങ്ങുന്നത് വരെ | ഒരു എണ്ണത്തിന് ഒരു വർഷത്തേക്ക് 2/-.<br>3 വർഷത്തേക്ക് ഒന്നിച്ചടച്ചാൽ 5/- | ഒരു എണ്ണത്തിന് 200/- |

**അനുബന്ധം - II**

| വർഷം | വിതരണം ചെയ്ത തുക (ലക്ഷത്തിൽ) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 2021-22 | 4004.95005 | 23148 |
| 2022-23 | 4082.4993 | 21740 |
| 2023-24 | 1966.09721 | 7206 |
| 2024-25 | 3313.47957 | 16888 |